<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 460</u> <u>06-12-2022 - ൽ മറുപടിയ്ക്ക്</u>

<u>കേരളത്തിന്റെ സാമ്പത്തിക സ്ഥിതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അന്താരാഷ്ട്ര ഏജൻസിയായ ഫിച്ച് റേറ്റിംഗ്സിന്റെ വിലയിരുത്തൽ പ്രകാരം കേരളത്തിന്റെ സാമ്പത്തിക സ്ഥിതി താഴെക്കാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. കിഫ്ബിയുടെ വിദേശ വായ്പയുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര ഏജൻസിയായ ഫിച്ച് സംസ്ഥാനത്തിന്റെ റേറ്റിംഗ് BB Stable –ൽ നിന്നും BB Negative ആയി പരിഷ്കരിച്ചിരുന്നു. അന്താരാഷ്ട്ര വിപണിയിൽ നിലനിൽക്കുന്ന ആസന്നമായ സാമ്പത്തിക മാന്ദ്യത്തെക്കുറിച്ചുള്ള ഭീതിയുടെ പശ്ചാത്തലത്തിൽ രാജ്യങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും റേറ്റിംഗ് ഇടിയുന്ന പ്രവണത നിലനിൽക്കുന്നതിന്റെയും സമീപ കാലങ്ങളിൽ സംസ്ഥാനം നേരിട്ട അതിതീവ്രമായ പ്രകൃതിക്ഷോഭങ്ങളുടെയും കോവിഡ് മഹാമാരിയുടെയും അടിസ്ഥാനത്തിൽ വേണം ഫിച്ചിന്റെ നിലവിലെ റേറ്റിംഗ് പരിഷ്കാരം വിലയിരുത്തേണ്ടത്. അതുകൊണ്ട് തന്നെ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി താഴേയ്ക്കാണെന്ന് പറയുന്നത് ഉചിതമാവില്ല. |
| (ബി) | അന്താരാഷ്ട്ര വിപണിയിൽ നിന്നുള്ള വായ്പയെടുപ്പിന് ഉൾപ്പെടെ സാമ്പത്തിക സ്ഥിതിയെ പറ്റിയുള്ള അവലോകനം പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഫിച്ചിന്റെ നിലവിലെ റേറ്റിംഗ് റിവിഷൻ അന്താരാഷ്ട്ര വിപണിയിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വായ്പയെടുപ്പിനെ പ്രതികൂലമായി ബാധിക്കുവാനുള്ള സാദ്ധ്യത കുറവാണ്. ഇതിന് കാരണം അത്തരത്തിലുള്ള വായ്പാ ശേഖരണം കേന്ദ്ര സർക്കാറിന്റെ സോവറിൻ ഗ്യാരന്റിയിന്മേലാണ് സ്വീകരിക്കുന്നത് എന്നതാണ്. |
| (സി) | കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് വായ്പാശേഷി പോലും ദുർബലമാകുന്ന വിധത്തിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി തകരാൻ ഇടയായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ സംസ്ഥാനം നേരിടേണ്ടി വന്ന കാലാവസ്ഥാ വ്യതിയാനങ്ങളിൽ അധിഷ്ഠിതമായ പ്രകൃതി ദുരന്തങ്ങളും, കോവിഡ് മഹാമാരിയും സംസ്ഥാനത്തെ അതിതീവ്രമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിച്ചുവെന്നത് യാഥാർത്ഥ്യമാണെങ്കിലും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തകർന്നുവെന്ന രീതിയിലുള്ള വിലയിരുത്തൽ വസ്തുതകൾക്ക് നിരക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ